കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിലെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. അവർ കേരളാ മറൈൻ ഫീഷറീസ് റഗുലേഷൻ ആക്ട് പ്രകാരം അന്വേഷണം നടത്തി വേണ്ട നടപടികളും എടുത്തുവരുന്നു. ഫിഷറീസ് ഓഫീസർമാർ മുഖേന വള്ളങ്ങളും ബോട്ടുകളും, ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നുണ്ട്. കടലോര ജില്ലകളിലെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ രജിസ്ട്രേഷൻ സർഫിക്കറ്റ് കൊടുക്കുന്നതിനും ലൈസൻസ് കൊടുക്കുന്നതിനും അധികാരപ്പെടുത്തി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. യന്ത്രവത്കൃത ബോട്ടുകളും ട്രോളറുകളും പഴ്സീൻ പോലുള്ള ചില വലകളും ഉപയോഗിച്ചുള്ള മീൻ പിടിത്തം കേരള മറൈൻ ഫിഷിംഗ് ആക്ട് പ്രകാരം നിയന്ത്രിക്കുന്നതിനാൽ, പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് നാടൻ വള്ളങ്ങളും വലയും ഉപയോഗിച്ച് കൂടുതൽ മൽസ്യം പിടിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നുണ്ട്.

മൽസ്യവിതരണ തൊഴിലാളികൾ

* 398. [426] ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി :
,, പി. വി. മുഹമ്മദ് :
,, പി. കെ. കെ. ബാവ :
,, കെ. എം. ഹംസകുഞ്ഞ് :
,, കെ. പി രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൽസ്യവിതരണ തൊഴിലാളികളെ "മൽസ്യ തൊഴിലാളി" കളായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവരെ മൽസ്യ തൊഴിലാളികളായി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) മൽസ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ആളുകളുടെ കുടുംബത്തിൽപ്പെട്ട മൽസ്യവിതരണം നടത്തുന്ന അംഗങ്ങളെ മൽസ്യത്തൊഴിലാളിയായി അംഗീകരിച്ചിട്ടുണ്ട്.

(ബി) എല്ലാ മൽസ്യവിതരണ തൊഴിലാളികളെയും മൽസ്യത്തൊഴിലാളികളായി അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

സംസ്ഥാനത്തെ ജീവനക്കാരുടെ പെൻഷൻ പ്രായം

* 399. [427] ശ്രീ. ലോനപ്പൻ നമ്പാടൻ :
,, എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) 1970-നു മുൻപ് സർവ്വീസിൽ പ്രവേശിച്ച നാലാം ക്ലാസ് ജീവനക്കാരുടെ പെൻഷൻ വയസ് ഇപ്പോൾ എത്രയാണ് ;

(സി) 1975 വരെ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്കുകൂടി 1970-നു മുൻപ് സർവ്വീസിൽ പ്രവേശിച്ചവർക്കു നൽകുന്ന ആനുകൂല്യം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly